# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3179
## 24.02.2016-ലെ മറുപടിക്ക്
## ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിൽ മാറ്റിയ തുക

| | ചോദ്യം | ഉത്തരം |
|---|---|---|
| | ഡോ. ടി.എം.തോമസ് ഐസക്ക് | ബഹു.മുഖ്യമന്ത്രി<br>ശ്രീ. ഉമ്മൻ ചാണ്ടി |
| (എ) | 2014-15 സാമ്പത്തിക വർഷത്തിൽ ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിൽ മാറ്റിയ തുക എത്രയാണ്; പ്രസ്തുത തുകയിൽ നടപ്പു സാമ്പത്തിക വർഷത്തിൽ ജനുവരി 31 വരെ ചെലവഴിച്ച തുക എത്രയാണ്; | 2014-15 സാമ്പത്തിക വർഷം 1602.29 കോടി രൂപ ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ഈ തുകയിൽ നടപ്പ് സാമ്പത്തിക വർഷം വിവിധ വകുപ്പുകൾ ഇതേവരെ സമർപ്പിച്ച ശിപാർശകളുടെ അടിസ്ഥാനത്തിൽ 1112.81 കോടി രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | 2014-15 സാമ്പത്തിക വർഷത്തിൽ ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിൽ മാറ്റിയ തുക റവന്യൂ കമ്മിയിലും ധനകമ്മിയിലും കടബാധ്യതയിലും എത്ര വ്യത്യാസം വരുത്തി; ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിൽ മാറ്റിയ തുകയ്ക്ക് തുല്യമായ തുക 2015-16 ബഡ്ജറ്റിൽ പ്രത്യേകം വകയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | 2014-15 സാമ്പത്തിക വർഷത്തിൽ ലഡ്ജർ അക്കൗണ്ടിലേയ്ക്ക് മാറ്റിയ തുക റവന്യൂ കമ്മിയിലും ധന കമ്മിയിലും കടബാധ്യതയിലും എത്ര വ്യത്യാസം വരുത്തിയെന്ന് തിട്ടപ്പെടുത്തിയിട്ടില്ല. ലെഡ്ജർ അക്കൗണ്ട് ഉൾപ്പടെയുള്ള സ്പിൽ ഓവർ പദ്ധതികൾക്ക് റവന്യൂ വിഭാഗത്തിൽ 1000 കോടി രൂപയുടെ പൊതുവിഹിതവും മൂലധന വിഭാഗത്തിൽ 1700 കോടി രൂപയുടെ പൊതുവിഹിതവും 2015-16 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (സി) | 2014-15 സാമ്പത്തിക വർഷത്തിൽ ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിൽ മാറ്റിയ തുക വിനിയോഗിച്ച് എത്ര പദ്ധതികൾക്ക് 2015-16 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. | ഭരണാനുമതി ലഭിച്ചിരുന്ന പദ്ധതികൾക്ക് വേണ്ടിയുള്ള വിഹിതം മാത്രമാണ് ലഡ്ജർ അക്കൗണ്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. പുതിയ പദ്ധതികൾക്ക് ഭരണാനുമതി നൽകാൻ ടി വിഹിതം ഉപയോഗിച്ചിട്ടില്ല. |
| (ഡി) | നടപ്പു സാമ്പത്തിക വർഷത്തിലും ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ട് തുടരുന്നുണ്ടോ ; എങ്കിൽ 2016 ജനുവരി 31 വരെ ഇതിലേയ്ക്ക് തുക മാറ്റിയിട്ടുണ്ടോ; എങ്കിൽ തുക എത്രയെന്ന് വ്യക്തമാക്കാമോ ? | നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും തുകകൾ ഒന്നും തന്നെ 2016 ജനുവരി 31 വരെ ലഡ്ജർ അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല. |

സെക്ഷൻ ഓഫീസർ